# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട **08/03/2017 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : *201**

## കയറ്റുമതിയിൽ കേരളത്തിന്റെ സ്ഥിതി

| | | | |
|---|---|---|---|
| | **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീ. ആർ. രാമചന്ദ്രൻ**<br>**ശ്രീ. വി.ആർ. സുനിൽ കുമാർ**<br>**ശ്രീ. മുഹമ്മദ് മുഹ്സിൻ. പി** | | **ശ്രീ. എ.സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| | **ചോദ്യം** | | **മറുപടി** |
| (എ) | കയറ്റുമതിയിൽ കേരളത്തിന്റെ സ്ഥിതിയും മത്സരക്ഷമതയും സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്നും പ്രസ്തുത പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ; | (എ) | കയറ്റുമതിയിൽ കേരളത്തിന്റെ സ്ഥിതിയും മത്സരക്ഷമതയും സംബന്ധിച്ച് പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി. ഫെഡറേഷൻ ഓഫ് ഇന്ത്യ എക്സ്പോർട്ടേഴ്സ് ഓർഗനൈസേഷൻ എന്ന ഏജൻസിയുമായി സഹകരിച്ച് ഒരുപഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് കെ.എസ്.ഐ.ഡി.സി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ചില കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ കേരളത്തിനുണ്ടായിരുന്ന മേൽകൈ നഷ്ടമായി വരുന്ന സാഹചര്യത്തിലാണ് കെ.എസ്.ഐ.ഡി.സിയും ഈ മേഖലയിൽതന്നെ പ്രഗൽഭരായ ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷനുമായി സഹകരിച്ച് ഇത്തരത്തിൽ ഒരു പഠനം നടത്തിയത്. ഉൽപ്പന്നങ്ങളെ വളർച്ചയുടെ അടിസ്ഥാനത്തിൽ മൂന്നായി തിരിച്ച് നടത്തിയ പഠനത്തിൽ ആഗോളതലത്തിൽ ഓരോന്നിനുമുള്ള ആവശ്യകതയും, നിലവിൽ സംസ്ഥാനത്തിന് ഈ ഉൽപ്പന്നങ്ങളിലുള്ള മൽസരക്ഷമതയുമാണ് പരിഗണിച്ചത്. കൂടുതൽ സാദ്ധ്യതയുള്ള ഉൽപ്പന്നങ്ങളെ ശാക്തീകരിക്കാനും, കയറ്റുമതിയിലെ കേരളത്തിന്റെ ദൗർബല്യങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. കയറ്റുമതി രംഗത്ത് കേരളത്തിലെ നിലവിലെ സാഹചര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പ്രധാനപ്പെട്ട ശുപാർശകൾ താഴെ പറയുന്നവയാണ്. |

| | | | |
|---|---|---|---|
| | | | (എ) ആഗോളവിപണിയിൽ ആവശ്യകത കൂടുതലുള്ള ഇലക്ട്രോണിക്സ് ഫാർമസ്യൂട്ടിക്കൽസ് എസെൻഷ്യൽ ഓയിൽസ്, മെഡിക്കൽ എക്യുപ്മെന്റ്സ് തുടങ്ങിയ മേഖലകളിലെ കയറ്റുമതി വർദ്ധിപ്പിക്കുക.<br>(ബി) വൈവിധ്യവൽക്കരണം സാധ്യമായ മേഖലകളിൽ അത് നടപ്പാക്കി ആ മേഖലയിൽ നിന്നുള്ള കയറ്റുമതിയുടെ പ്രോൽസാഹനം.<br>(സി) കയറ്റുമതി പ്രോൽസാഹിപ്പിക്കുന്ന രീതിയിലുള്ള കയറ്റുമതി നയത്തിന്റെ രൂപീകരണം.<br>(ഡി) കയറ്റുമതി വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ജലം, വൈദ്യുതി, തുടങ്ങിയവയുടെ ലഭ്യത ഉറപ്പുവരുത്തൽ<br>(ഇ) വ്യവസായിക വിഭവശേഷി വർദ്ധനവിനായി ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോജനപ്പെടുത്തൽ.<br>(എഫ്) നൂതനമായ സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി നടപടി ക്രമങ്ങളുടെ ലഘൂകരണം<br>(ജി) വ്യവസായിക വികസനത്തിന് ഉതകുന്ന തരത്തിൽ സ്കിൽ ഡെവലപ്പ്മെന്റിന് ഊന്നൽ നൽകിക്കൊണ്ട് നിലവിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പരിഷ്കരണം. |
| **(ബി)** | രാജ്യത്തെ കയറ്റുമതിയിൽ കേരളത്തിന്റെ പങ്ക് എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2015-16 സാമ്പത്തിക വർഷത്തിലെ കണക്കനുസരിച്ച് 4.8 ബില്യൺ യു.എസ് ഡോളറുമായി കയറ്റുമതി രംഗത്ത് രാജ്യത്തിൽ 7-ാം സ്ഥാനമാണ് കേരളത്തിനുള്ളത് എന്നു പഠന റിപ്പോർട്ട് സൂചിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഉയർന്ന തൊഴിൽ സാധ്യതയും കയറ്റുമതിയിൽ മത്സരക്ഷമതയുമുള്ള മേഖലകൾ ഏതൊക്കെയാണെന്നും ഇവയ്ക്ക് എന്തൊക്കെ പരിഗണന നൽകുമെന്നും വിശദമാക്കുമോ? | (സി) | ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ, ഫാർമസ്യൂട്ടിക്കൽസ്, റബ്ബർ, സമുദ്രോൽപ്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധസസ്യങ്ങൾ, കാർഷികോൽപ്പന്നങ്ങൾ, ഇടങ്ങിയവയാണ് കയറ്റുമതിയിൽ മത്സരക്ഷമതയുമുള്ള മേഖലകൾ എന്ന് പ്രസ്തുത പഠന റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു. പഠനറിപ്പോർട്ടിലെ ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ